ശ്രീ. ജി. വിജയരാഘവൻ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സമയാസമയം യോഗം ചേരുകയും പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സമിതിയുടെ പ്രവർത്തനഫലമായി പദ്ധതിയുടെ നടത്തിപ്പിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**വൈക്കം താലൂക്കിലെ ഖനന അനുമതികൾ**

**217 (562)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം താലൂക്കിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര ഖനന അനുമതികളാണ് നൽകിയിട്ടുള്ളതെന്നും ഇവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഖനനാനുമതിക്ക് എന്തെല്ലാം നിബന്ധനകളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അനധികൃത ഖനനത്തിനെതിരെ വൈക്കം താലൂക്കിൽ കഴിഞ്ഞ ആറു മാസത്തിനിടയിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 4-12-2014 മുതൽ 9-6-2015-വരെ കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റത്തിൽ അനുമതി നൽകിയിട്ടില്ല. സാധാരണ മണലിന് ശ്രീ. കെ. കെ. ഹരിഹരൻ, കൃഷ്ണശ്രീ, തോന്നല്ലൂർ, മേവെള്ളൂർ. പി. ഒ. വൈക്കം എന്നയാൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. സാധാരണ മണ്ണിന് ശ്രീ. രമേശൻ, വെള്ളിലാം ചുവട്ടിൽ വീട്, കെ.എസ്.പുരം, അറുനൂറ്റിമംഗലം പി. ഒ. എന്ന വ്യക്തിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ.

(സി) വൈക്കം താലൂക്കിൽ 2014 ഡിസംബർ മാസം മുതൽ 2015 മേയ് മാസം വരെ നടത്തിയ 31 പരിശോധനകളിൽ സാധാരണ മണ്ണിന്റെ 6 അനധികൃത ഖനനങ്ങളും സാധാരണ മണലിന്റെ 3 അനധികൃത ഖനനങ്ങളും ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിന്റെ 2 അനധികൃത കടത്തും കണ്ടെത്തുകയും ടി കേസ്സുകൾ തീർപ്പുകൽപ്പിച്ച് 9,96,138 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly